പുറത്തെഴുത്ത് കത്ത് നം. ICDS/B6-13440/20 തീയതി: 02/11/2020

അങ്കണവാടി ജീവനക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരെഞ്ഞെടുപ്പിൽ നിൽക്കാവുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിനും വായനയ്ക്കുമായി ഇതോടൊപ്പം അയക്കുന്നു.

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച അങ്കണവാടി വർക്കർ/ഹെൽപ്പർക്ക് അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(എം.എസ്)നം.81/2015/സാനീവ തീയതി, തിരുവനന്തപുരം, 30.12.2015**

പരാമർശം : (1) 07.08.2004 ലെ സ.ഉ.(സാധാ) നം.351/2004/സാക്ഷേവ.
(2) 20.09.2010 ലെ സ.ഉ.(സാധാ) നം.408/2010/സാക്ഷേവ.
(3) 31.08.2011 ലെ സ.ഉ.(എം.എസ്)നം.42/2011/സാക്ഷേവ.
(4) സാമൂഹ്യനീതി ഡയറക്ടറുടെ 19.11.2015 ലെ ഐ.സി.ഡി.എസ്.ബി6 - 5783/15 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് അവധി അനുവദിക്കാവുന്നതാണെന്ന് നിഷ്കർഷിച്ച് പരമാർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്, കേരള പഞ്ചായത്ത് രാജ് ആക്ടിലെ (പ്രധാന ആക്ട്) 30- ാം വകുപ്പ് ഭേദഗതി ചെയ്തതുകൊണ്ട് അങ്കണവാടി ജീവനക്കാർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ കഴിയാത്ത സാഹചര്യം വന്നതിനാൽ റദ്ദ് ചെയ്ത് പരമാർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 2010 ൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ജോലി രാജി വച്ച അങ്കണവാടി ജീവനക്കാർക്ക് പുനർ നിയമനം നൽകുന്നതിന് അനുമതി നൽകി പരമാർശം (3) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2014 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് (2014 - ലെ 34- ാം ആക്ട്) പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30- ാം വകുപ്പിന് ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം അങ്കണവാടി ജീവനക്കാർ തിരഞ്ഞെടുപ്പിൽ നിൽക്കുന്നതിനുള്ള അയോഗ്യത ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച അങ്കണവാടി വർക്കർ/ഹെൽപ്പർക്ക് അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച അങ്കണവാടി വർക്കർ/ഹെൽപ്പർക്ക് ഭരണസമിതി യോഗങ്ങളിൽ പങ്കെടുക്കാൻ ഒരു വർഷത്തിൽ പരമാവധി 15 ദിവസത്തെ

സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രസ്തുത കാലാവധി അവസാനിക്കും വരെ ഓണറേറിയമില്ലാത്ത അവധി അനുവദിച്ചും ഉത്തരവാകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അനുമതി നൽകുന്നതിനും, മേൽ പ്രതിപാദിച്ച പ്രകാരം അവധി അനുവദിക്കുന്നതിനും അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ. ഷാജഹാൻ**

**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ. } സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി സെൽ), കേരള തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ